**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 154** **22-02-2022 - ൽ മറുപടിയ്ക്ക്**

**ജയിലുകളിലെ നടപടിക്രമങ്ങളുടെ പരിഷ്കരിക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | "United Nations Standard Minimum Rules for the Treatment of Prisoners", ജസ്റ്റിസ് മുല്ല കമ്മിറ്റി ശിപാർശകൾ എന്നീ മാനദണ്ഡങ്ങൾക്കനുസൃതമായി സംസ്ഥാമത്തെ ജയിൽ നടപടിക്രമങ്ങൾ പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 1955 ലെ “United Nations Standard Minimum rules for the treatment of Prisoners”, 1983 ലെ ജസ്റ്റിസ് എ.എൻ മുള്ള കമ്മിറ്റി റിപ്പോർട്ട്, 1992 ലെ ഉദയഭാനു കമ്മിഷൻ റിപ്പോർട്ട്, 2016 ലെ മോഡൽ പ്രിസൺ മാന്വൽ എന്നിവയിലെ ശിപാർശകളിലധികവും ഏറെക്കുറെ ജയിൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തി നടപ്പിൽ വരുത്തിയിട്ടുണ്ട്. ജസ്റ്റിസ് മുല്ല കമ്മിറ്റി റിപ്പോർട്ട്, ഉദയഭാനു കമ്മിഷൻ റിപ്പോർട്ട്, മോഡൽ പ്രിസൺ മാന്വൽ എന്നിവയിലെ ശിപാർശകളിൽ നടപ്പിലാക്കാത്തവ പരിഗണിച്ച് നടപ്പിൽ വരുത്താനുതകുന്ന വിധത്തിൽ പരിശോധിക്കുന്നതിനായിട്ടാണ് ഡോ.അലക്സാണ്ടർ ജേക്കബ് കമ്മിഷനെ നിയോഗിച്ചത്.2015-ൽ United Nations Standard Minimum rules പരിഷ്കരിച്ച് " മണ്ടേല റൂൾസ് " എന്ന പേരിൽ U N പ്രഖ്യാപിച്ചതുകൂടി അടിസ്ഥാനമാക്കിയാണ് 2017 ൽ ഡോ.അലക്സാണ്ടർ ജേക്കബ് കമ്മിഷൻ ജയിൽ പരിഷ്കരണ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. തടവുകാരുടെ ജീവിത നിലവാരം, അവരുടെ ആഹാരം, വേതനം, ചികിത്സ, പരിശോധനകൾ, ആരോഗ്യപരിപാലനം, വിട്ടുതൽ എന്നിവയിലെല്ലാമുള്ള ഡോ.അലക്സാണ്ടർ ജേക്കബ് കമ്മിഷന്റെ ജയിൽ പരിഷ്കരണ റിപ്പോർട്ടിലെ ശിപാർശകൾ ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്.അല്ലാത്തവ നടപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ജയിലുപദേശക സമിതികൾ / പരോൾ പുനരവലോകന സമിതികൾ എന്നിവ കൃത്യമായി കൂടി ശിപാർശകൾ സമർപ്പിച്ചുവരുന്നു. ഉപദേശക സമിതിയുടെ തീരുമാനങ്ങളുടെ മേൽ അപ്പീൽ പരിഗണിക്കുന്നതിനായി സംസ്ഥാനതല ഉപദേശക സമിതി പുതിയതായി രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ ജയിലുകളിൽ പാർപ്പിച്ചിരിക്കുന്നവർക്ക് കുടുംബവുമായും സമൂഹവുമായും ബന്ധപ്പെടുന്നതിന് പരോൾ കാലയളവല്ലാതെയുള്ള സമയങ്ങളിൽ എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | തടവുകാർക്ക് അവരുടെ ബന്ധുക്കളുമായും സുഹൃത്തുക്കളുമായും കൂടാതെ നിയമപരമായ ആവശ്യത്തിനായി അഡ്വക്കേറ്റുമായും മറ്റും ബന്ധപ്പെടുന്നതിന് ടെലഫോൺ സൗകര്യം ജയിലുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പരാമവധി 450/- രൂപക്ക് വരെ സെൻട്രൽ ജയിലുകളിൽ ഫോൺ ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. തടവുകാർ ഉദ്യോഗസ്ഥരെ മുൻകൂട്ടി അറിയിച്ചിട്ടുള്ള 3 ടെലഫോൺ നമ്പറുകളിലേയ്ക്ക് നിശ്ചിത ദിവസങ്ങളിൽ നിശ്ചിത സമയങ്ങളിൽ ഫോൺ ചെയ്യുന്നതിനുള്ള സൌകര്യം ഉണ്ട്. ഇതു കൂടാതെ കോടതികളിൽ നിന്നു പ്രത്യേക നിർദ്ദേശം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലും തടവുകാരുടെ പി.സി.പി. അക്കൗണ്ടിൽ ഫോൺ സൗകര്യത്തിന് മതിയായ തുക ഇല്ലാതെ വരുന്ന സാഹചര്യത്തിലും അവശ്യ ഘട്ടങ്ങളിൽ സൗജന്യ ഫോൺ സൗകര്യം അന്തേവാസികൾക്ക് അനുവദിക്കാറുണ്ട്. കോവിഡ് കാലത്ത് ഇത്തരത്തിലുള്ള സമയപരിധിയുടെയും ഫോൺ വിളികളുടെ എണ്ണത്തിന്റെയും ഫോൺവിളിക്ക് ചെലവഴിക്കുന്ന തുകയുടെയും കാര്യത്തിൽ ഇളവ് അനുവദിച്ചിരുന്നു. ഇതു കൂടാതെ ജാമ്യാപേക്ഷ നൽകുന്നതിനോ അപ്പീൽ തയ്യാറാക്കുന്നതിനോ മറ്റ് ആവശ്യങ്ങൾക്കോ സുഹൃത്തുക്കൾ, ബന്ധുക്കൾ നിയമ ഉപദേശകർ എന്നിവരുമായി ആഴ്ച്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യമോ ജയിൽ സൂപ്രണ്ടിന് അനുയോജ്യമാണെന്ന് തോന്നുന്ന പക്ഷം കൂടുതൽ കൂടിക്കാഴ്ച്ചകളും അനുവദിക്കുന്നു. കൂടാതെ കത്തുകൾ അയക്കുന്നതിനും സ്വീകരിക്കുന്നതിനും അനുമതി നൽകുന്നു. ഒരേ സമയം ഒരു തടവുകാരനുമായി കൂടിക്കാഴ്ച്ച നടത്തുന്നവരുടെ എണ്ണം 3 ആയി നിജപ്പെടുത്തിയിട്ടുണ്ട്. തടവുകാർക്ക് ബന്ധുക്കളുമായി കൂടിക്കാഴ്ച നടത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ്/ ഇ -മുലാക്കാത്ത് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വാട്സ് ആപ്പ് വീഡിയോ കോൾ സൗകര്യവും അത്യാവശ്യ ഘട്ടങ്ങളിൽ അനുവദിച്ചു നൽകാറുണ്ട്. ഇതിനായി NIC-യുടെസോഫ്റ്റ് വെയർ ഉപയോഗിക്കുന്നു. |
| (സി) | ജയിലുകളിൽ പാർപ്പിച്ചിരിക്കുന്നവർക്ക് ഉറ്റ കുടുംബാംഗങ്ങളുമായി ജയിലിലെ ടെലിഫോൺ മുഖാന്തിരം ബന്ധപ്പെടുന്നതിന് ഇളവ് അനുവദിക്കുന്നുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ; | (സി) | തടവുകാർക്ക് അവരുടെ ബന്ധുക്കളുമായും സുഹൃത്തുക്കളുമായും കൂടാതെ നിയമപരമായ ആവശ്യത്തിനായി അഡ്വക്കേറ്റുമായും മറ്റും ബന്ധപ്പെടുന്നതിന് ടെലഫോൺ സൗകര്യം ജയിലുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പരാമവധി 450/- രൂപക്ക് വരെ സെൻട്രൽ ജയിലുകളിൽ ഫോൺ ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. തടവുകാർ ഉദ്യോഗസ്ഥരെ മുൻകൂട്ടി അറിയിച്ചിട്ടുള്ള 3 ടെലഫോൺ നമ്പറുകളിലേയ്ക്ക് |

| | | | |
|---|---|---|---|
| | | | നിശ്ചിത ദിവസങ്ങളിൽ നിശ്ചിത സമയങ്ങളിൽ ഫോൺ ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ട്. ഇതു കൂടാതെ കോടതികളിൽ നിന്നു പ്രത്യേക നിർദ്ദേശം ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലും തടവുകാരുടെ പി.സി.പി. അക്കൗണ്ടിൽ ഫോൺ സൗകര്യത്തിന് മതിയായ തുക ഇല്ലാതെ വരുന്ന സാഹചര്യത്തിലും അവശ്യ ഘട്ടങ്ങളിൽ സൗജന്യ ഫോൺ സൗകര്യം അന്തേവാസികൾക്ക് അനുവദിക്കാറുണ്ട്. കോവിഡ് കാലത്ത് ഇത്തരത്തിലുള്ള സമയപരിധിയുടെയും ഫോൺ വിളികളുടെ എണ്ണത്തിന്റെയും ഫോൺവിളിക്ക് ചെലവഴിക്കുന്ന തുകയുടെയും കാര്യത്തിൽ ഇളവ് അനുവദിച്ചിരുന്നു. ഇതു കൂടാതെ ജാമ്യാപേക്ഷ നൽകുന്നതിനോ അപ്പീൽ തയ്യാറാക്കുന്നതിനോ മറ്റ് ആവശ്യങ്ങൾക്കോ സുഹൃത്തുക്കൾ, ബന്ധുക്കൾ നിയമ ഉപദേശകർ എന്നിവരുമായി ആഴ്ച്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യമോ ജയിൽ സൂപ്രണ്ടിന് അനുയോജ്യമാണെന്ന് തോന്നുന്ന പക്ഷം കൂടുതൽ കൂടിക്കാഴ്ച്ചകളും അനുവദിക്കുന്നു. കൂടാതെ കത്തുകൾ അയക്കുന്നതിനും സ്വീകരിക്കുന്നതിനും അനുമതി നൽകുന്നു. ഒരേ സമയം ഒരു തടവുകാരനുമായി കൂടിക്കാഴ്ച്ച നടത്തുന്നവരുടെ എണ്ണം 3 ആയി നിജപ്പെടുത്തിയിട്ടുണ്ട്. തടവുകാർക്ക് ബന്ധുക്കളുമായി കൂടിക്കാഴ്ച നടത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ്/ ഇ -മുലാക്കാത്ത് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വാട്സ് ആപ്പ് വീഡിയോ കോൾ സൗകര്യവും അത്യാവശ്യ ഘട്ടങ്ങളിൽ അനുവദിച്ചു നൽകാറുണ്ട്. ഇതിനായി NIC-യുടെസോഫ്റ്റ് വെയർ ഉപയോഗിക്കുന്നു. |
| (ഡി) | ശിക്ഷാനന്തര പുനരധിവാസം എന്ന കൺസെപ്റ്റിൽ സംസ്ഥാനത്തെ ജയിൽ നിയമങ്ങൾ പരിഷ്ക്കരിക്കുന്ന കാര്യം പരിശോധിക്കാമോ; | (ഡി) | ശിക്ഷാനന്തര പുനരധിവാസം എന്നതു സംബന്ധിച്ച് കേരള പ്രിസൺ ആക്ട് 2010 ൽ വകുപ്പ് 69 ലും കേരള പ്രിസൺ റൂൾ 2014 ലെ ചട്ടം 447 ലും പ്രതിപാദിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്ന വിഷയം ജയിൽ വകുപ്പിന്റെ പ്രാഥമിക പരിഗണനയിലാണ്. |
| (ഇ) | വിവിധ രാജ്യങ്ങളിലെ ജയിൽ ശിക്ഷാ നടപടിക്രമങ്ങളിലെ മികച്ച മാതൃകകൾ കണ്ടെത്തി നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ച് പരിഗണിക്കാമോ? | (ഇ) | സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ